മഹാത്മാഗാന്ധി സർവ്വകലാശാല
(സംഗ്രഹം)

ജീവനക്കാര്യം: സർവ്വകലാശാലയിൽ നിന്നും സ്വാശ്രയ സ്ഥാപനങ്ങളിൽ ഇപ്പോൾ ജോലി ചെയ്യുന്ന അനദ്ധ്യാപക വിഭാഗം ജീവനക്കാരെ സംബന്ധിച്ചുള്ള സിൻഡിക്കേറ്റ് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഭരണവിഭാഗം എ 1 സെക്ഷൻ

നം. 3490/എ1/2/2017/ഭരണവിഭാഗം. തീയതി, പ്രിയദർശിനി ഹിത്സ്, 12.06.2017

---

സൂചന: 05.06.2017 ലെ സിൻഡിക്കേറ്റ് യോഗത്തിന്റെ (17.07) നടപടി കുറിപ്പുകളുടെ എക്സ്ട്രാക്റ്റ് (മിനിറ്റ്സ് ഇനം നമ്പർ ഒ.എ. 20/17.07)

**ഉത്തരവ്**

സർവ്വകലാശാല നേരിട്ടു നടത്തിയിരുന്ന സ്വാശ്രയ സ്ഥാപനങ്ങളുടെ ഭരണ ചുമതല 07.04.2017 ലെ സർവ്വകലാശാല സിൻഡിക്കേറ്റ് യോഗ തീരുമാനപ്രകാരം 'സെന്റർ ഫോർ പ്രൊഫഷണൽ ആന്റ് അഡ്വാൻസ്ഡ് സ്റ്റഡീസ്' എന്ന സൊസൈറ്റിയെ ഏൽപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ, സർവ്വകലാശാലയുടെ സ്വാശ്രയ സ്ഥാപനങ്ങളിൽ സർവ്വകലാശാലയിൽ നിന്നും നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ ജോലി ചെയ്യുന്ന സാഹചര്യത്തിലും സൊസൈറ്റിയ്ക്ക് ഈ സ്ഥാപനങ്ങളിലെ ഭരണം സുഗമമായി മുന്നോട്ട് പോകണമെങ്കിൽ സർവ്വകലാശാല ഭരണ സംവിധാനത്തിൽ പരിചയവും പ്രാഗൽഭ്യവുമുള്ള ഉദ്യോഗസ്ഥരുടെ സേവനം അത്യന്താപേക്ഷിതമായ സാഹചര്യത്തിലും ചുവടെ ചേർത്തിരിക്കുന്ന തീരുമാനങ്ങൾ സൂചന പ്രകാരം സിൻഡിക്കേറ്റ് എടുത്തിരിക്കുന്നു.

1. സർവ്വകലാശാലയിൽ നിന്നും സ്വാശ്രയ സ്ഥാപനങ്ങളിൽ ഇപ്പോൾ ജോലി ചെയ്യുന്ന അനദ്ധ്യാപക വിഭാഗം ജീവനക്കാരെ, ഭരണ ചുമതല കൈമാറിയ, സിൻഡിക്കേറ്റ് തീരുമാനം എടുത്ത 07.04.2017 മുതൽ 30.06.2017 വരെയുള്ള സേവനകാലം, സർവ്വകലാശാല സർവ്വീസ് ആയി കണക്കാക്കുന്നതിനും 01.07.2017 മുതൽ അവർ ആഗ്രഹിക്കുന്ന പക്ഷം, അവരുടെ സമ്മത പത്രത്തിന്റെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സൊസൈറ്റിയുടെ കീഴിൽ അതത് സ്ഥാപനങ്ങളിൽ ജോലിയിൽ തുടരുവാൻ അനുവദിക്കുന്നതിനും, സൊസൈറ്റിയുടെ കീഴിൽ തുടരുവാൻ ആഗ്രഹിക്കാത്ത ജീവനക്കാരെ സർവ്വകലാശാല യിലേയ്ക്ക്മാറ്റി നിയമിക്കുന്നതിനും, ആവശ്യമുണ്ടെങ്കിൽ പകരം ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിനും തീരുമാനിച്ചു.

2. അനദ്ധ്യാപക വിഭാഗത്തിലെ ആവശ്യമുള്ള തസ്തികകൾ നിർണ്ണയിച്ച് സൊസൈറ്റി തീരുമാനം എടുക്കുന്നതു വരെ ഈ സംവിധാനം തുടരും.

3. സർവ്വകലാശാലയിലെ ജോയിന്റ് രജിസ്ട്രാറായ ശ്രീ. എ സി ബാബുവിന്റെ സേവനം രണ്ട് മാസക്കാലത്തേയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സൊസൈറ്റിയ്ക്ക് വിട്ടു നൽകുവാൻ തീരുമാനിച്ചു.

.......... 2

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ശ്രീലത എൻ
അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണവിഭാഗം) I
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്:

1. ബന്ധപ്പെട്ട വ്യക്തികൾ
2. വൈസ്-ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, ഫിനാൻസ് ഓഫീസർ, എന്നിവരുടെ പി.എ. മാർ
4. അസിസ്റ്റൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/ജോയിൻറ് രജിസ്ട്രാർ (ഭരണവിഭാഗം/പരീക്ഷവിഭാഗം/അക്കാദമികം/ധനകാര്യം)
5. ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ്, എം.ജി. യൂണിവേഴ്സിറ്റി
6. എസി.സി സെക്ഷൻ/പബ്ലിക് റിലേഷൻസ് ഓഫീസർ
7. സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ഐ.ക്യു.എ.സി.
8. റിക്കോഡ്സ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി/ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

റഫറൻസ് നമ്പർ എ.ഡി.എ1-2/25/2017

സെക്ഷൻ ഓഫീസർ